COMPOUNDERS IN THE MEDICAL DEPARTMENT

392. മിസ്റ്റർ കെ. എസ്സ്. പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവണ്മെണ്ട് സദയം മറുപടി പറയുമോ.—

(എ) മെഡിക്കൽ ഡിപ്പാർട്ട്മെണ്ടിൽ ആകെ എത്ര കമ്പൗണ്ടർമാർ ഉണ്ട്;

(ബി) ഇവരിൽ ഓരോ ആസ്പത്രികളിലും ഡിസ്പെൻസറികളിലും എത്രപേർ വീതം ഉണ്ട്;

(സി) ഇവരിൽ നൈറ്റ് ഡ്യൂട്ടി ഉള്ളവർ ഉണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ ഉള്ളവക്കാണ് നൈറ്റ് ഡ്യൂട്ടി ഉള്ളത്;

(ഇ) നൈറ്റ് ഡ്യൂട്ടി ഉള്ള സ്ഥലങ്ങളിലെ കമ്പൗണ്ടർമാർ ദിവസത്തിൽ എത്ര മണിക്കൂർവീതം ജോലി ചെയ്യണം;

(എഫ്) നൈറ്റ് ഡ്യൂട്ടി ഇല്ലാത്ത സ്ഥലങ്ങളിലെ കമ്പൗണ്ടർമാർ ദിവസംപ്രതി എത്ര മണിക്കൂർ ജോലി ചെയ്യണം;

(ജി) അവരുടെ ശമ്പളം പ്രതിമാസം എത്ര ഉറപ്പികയാണ്;

(എച്ച്) ഇവരിൽ നൈറ്റ് ഡ്യൂട്ടി ഉള്ളവക്കും ഇല്ലാത്തവക്കും ശമ്പളത്തിൽ വല്ല വ്യത്യാസവുമുണ്ടോ;

(ഐ) ഇവക്ക് ഗവണ്മെണ്ടിൽനിന്നും സൌജന്യമായി യൂണിഫോറമോ, ശീലത്തരങ്ങളോ വിതരണം ചെയ്യുന്നുണ്ടോ;

(ജെ) ശമ്പളം പോരായെന്ന വല്ല പരാതിയും ഇവരിൽനിന്ന ഗവണ്മെണ്ടിലേക്ക് കിട്ടിയിട്ടുണ്ടോ?

റാവു സാഹിബ് ടി. കെ. നായർ :

(എ) നൂറ്.

(ബി) പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. *(Appendix VI)*

(സി) ഉവ്വ്.

(ഡി) ജെനറൽ ആസ്പത്രി, തൃശ്ശിവപേരൂർ സിവിൽ ആസ്പത്രി, സ്ത്രീകളുടേയും കുട്ടികളുടേയും ആസ്പത്രി, മട്ടാഞ്ചേരി, മഹാരാജാസ് ആസ്പത്രി, പള്ളുരുത്തി.

(ഇ) & (എഫ്) അവരുടെ ജോലി സമയം രാവിലെ 7 മണിമുതൽ 2 മണിവരേയും വൈകുന്നേരം 2 മണിമുതൽ 8 മണിവരെയും ആണ്. അവരിൽ ഓരോരുത്തരെയായി നൈറ്റ് ഡ്യൂട്ടിക്ക നിയമിക്കാറുണ്ട്.

(കുറിപ്പ്)—നൈറ്റ് ഡ്യൂട്ടിയുള്ളപ്പോൾ അവർ രാത്രി മുഴുവനും ഉറക്കമൊഴിക്കേണ്ടതില്ല. അടിയന്തിര ഘട്ടങ്ങളിൽ മരുന്നെടുത്തു കൊടുക്കുന്നതിനു കമ്പൗണ്ടർ ആസ്പത്രിയിൽ ഉണ്ടായിരിക്കേണമെന്ന മാത്രമേ ഉദ്ദേശമുള്ളൂ.

(ജി) ക. 40—4—60.

(എച്ച്) ഇല്ല.

(ഐ) ഇല്ല.

(കുറിപ്പ്)—ജോലിചെയ്യുമ്പോൾ ധരിക്കുന്നതിനായി അവക്ക് മേൽക്കുപ്പായം നൽകിവരുന്നുണ്ട്.

(ജെ) ഉവ്വ്.

CATTLE FOOD ISSUE REGISTER—CENTRAL FARM

393. മിസ്റ്റർ എം. കെ. വർഗ്ഗീസ് : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ഗവണ്മെണ്ട് സദയം മറുപടി പറയുമോ.—

ഗവണ്മെണ്ട് സെൻട്രൽ ഫാമിലെ ഫാഫാ-ലെ Cattle Food Issue Register മേശപ്പുറത്തു വെക്കുന്നതിനു ദയവുണ്ടാകുമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി :

Cattle Food Issue Register ഒല്ലൂക്കര സർക്കാർ ഫാമിൽ ദിവസേന ആവശ്യമുള്ള പുസ്തകമാണ്. ഫാഫാ-ലെ പുസ്തകത്തിൽ സ്ഥലമുള്ളതുകൊണ്ട് ഫാഫാ-ലെ ചാലവു